**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3415** **04-08-2021 - ൽ മറുപടിയ്ക്ക്**

**വ്യാജമദ്യ നിർമ്മാണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിനായി സ്വീകരിച്ച പൊതുവായ നടപടികൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യാജമദ്യ നിർമ്മാണം തടയുന്നതിനായി എല്ലാ ജില്ലകളിലും റെയ്ഞ്ച്/ സർക്കിൾ തലങ്ങളിലെ എൻഫോഴ്സ്മെന്റ് പ്രർത്തനങ്ങളും, സ്ട്രൈക്കിംഗ് ഫോഴ്സ് എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ടി ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ശക്തമായ വാഹനപരിശോധന നടത്തുകയും, പരാതികളുടേയും രഹസ്യ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ വ്യാജമദ്യ നിർമ്മാണ പ്രവൃത്തികൾ തടയുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ എൻഫോഴ്സ്മെന്റ് വിഭാഗവും, സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും, എക്സൈസ് ഇന്റലിജൻസ് വിഭാഗവും ഇതിനെതിരെ ശക്തമായി പ്രവർത്തിച്ചു വരുന്നുണ്ട്. വനമേഖലയിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ചേർന്നും, തീരദേശ മേഖലയിൽ തീരദേശ പോലീസുമായി ചേർന്നും സംയുക്ത റെയ്ഡുകൾ നടത്തിയും, ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിച്ച് വാഹനപരിശോധന കർശനമാക്കിയും, അന്യസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ ബോർഡർ പട്രോളിംഗ് നടത്തിയും, വ്യാജമദ്യ നിർമ്മാണ-വിതരണ പ്രവർത്തനങ്ങളെ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്തു തലത്തിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലും നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.മാർ അദ്ധ്യക്ഷന്മാരായും വ്യാജമദ്യ നിയന്ത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഉത്സവങ്ങൾ അടുത്തുവരുന്ന സാഹചര്യത്തിൽ | (ബി) | ഉത്സവകാലങ്ങളിലെ വ്യാജമദ്യനിർമ്മാണവും |

| | | | |
|---|---|---|---|
| | വ്യാജമദ്യ നിർമ്മാണവും വിതരണവും കൂടിവരാൻ സാധ്യതയുണ്ടെന്ന വസ്തുത കണക്കിലെടുത്ത് ഇത് തടയുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | | വിതരണവും തടയുന്നതിനായി സ്പെഷ്യൽ ഡ്രൈവായി പ്രഖ്യാപിച്ച് പ്രത്യേക എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. എല്ലാ ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലും, എക്സൈസ് ഹെഡ്ക്വാർട്ടേഴ്സ് കേന്ദ്രീകരിച്ചും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും സ്ട്രൈക്കിംഗ് ഫോഴ്സ് എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യ-മയക്കുമരുന്നു കടത്ത് തടയുന്നതിനായി സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗവും, രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിക്കുന്നു. ട്രെയിൻ മാർഗ്ഗമുള്ള കടത്ത് തടയുന്നതിന് ആർ.പി.എഫുമായി ചേർന്നും, തീരദേശ മേഖലയിൽ തീരദേശ പോലീസുമായി സഹകരിച്ചും, വനമേഖലകൾ കേന്ദ്രീകരിച്ച് ഫോറസ്റ്റ്, റവന്യൂ വകുപ്പുമായി ചേർന്നും, അയൽ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന മേഖലകളിൽ ശക്തമായ ബോർഡർ പട്രോളിംഗ് നടത്തിയും, അവിടങ്ങളിലെ പോലീസ്, എക്സൈസ് ഉദ്യോഗസ്ഥരുമായി സഹകരിച്ച് സംയുക്ത പരിശോധനകൾ നടത്തിവരുന്നുണ്ട്. പൊതുജനങ്ങളിൽ നിന്ന് വിവരങ്ങൾ ലഭിക്കുന്നതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെയും ഓഫീസുകളുടെയും ഫോൺ നമ്പരുകൾ പത്രക്കുറിപ്പ് വഴി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ